ലാന്റ് ബാങ്ക് സ്കീം

76 [1973] ശ്രീ. എം. വി. ജയരാജൻ:
„ ടി. കെ. ദേവകുമാർ:
„ കെ. രാധാകൃഷ്ണൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സംരംഭകർക്ക് എക്കോ ടൂറിസം/അമ്യൂസ്മെന്റ് പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനായി സ്ഥലം കൈമാറുന്നതിന് വിനോദസഞ്ചാര വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ലാന്റ് ബാങ്ക് സ്കീം എന്ന പേരിൽ നടപ്പിലാക്കുന്ന പദ്ധതിക്ക് ഏതെല്ലാം പ്രദേശങ്ങളിലെ ഏതെല്ലാം സ്ഥലങ്ങളാണ് സ്വകാര്യ സംരംഭകർക്ക് കൈമാറാൻ ഉദ്ദേശിക്കുന്നത് ;

(സി) സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ഡി) പ്രസ്തുത സ്കീം പ്രകാരം കണ്ടെത്തുന്ന സ്ഥലങ്ങൾ ഏതെല്ലാം നിലയിൽ വികസിപ്പിച്ചതിനുശേഷമാണ് സ്വകാര്യ സംരംഭകർക്ക് നൽകാനായി ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സ്വകാര്യ മേഖലയിൽ വേളിയിൽ അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കുന്നതിനായി സ്ഥലം പാട്ടത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്കീമിലേക്ക് ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചുവരുന്നതേയുള്ളൂ.

(സി) ടൂറിസം സെക്ടറിൽ സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) പ്രസ്തുത സ്കീം പ്രകാരം കണ്ടെത്തുന്ന സ്ഥലങ്ങൾ സ്വകാര്യ സംരംഭകർക്ക് കൈമാറുന്നതിനു മുൻപ് വികസിപ്പിക്കാൻ ഉദ്ദേശമില്ല.

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

77 [1974] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലെത്തുന്ന വിനോദ സഞ്ചാരികൾ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly